"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - നഴ്സിംഗ് അധ്യാപകവിഭാഗം - നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയുടെ പൂർണ അധികച്ചുമതല അസോസിയേറ്റ് പ്രൊഫസർമാർക്ക് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.242/2025/H&FWD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- 21.06.2024 ലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ജി1/2349/2024/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.ഉഷ.വി.കെ 30/04/2024 തീയതി പ്രാബല്യത്തിലും, തൃശ്ശൂർ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായിരുന്ന പ്രൊഫ.തങ്കമണി.വി.കെ 31/05/2024 തീയതി പ്രാബല്യത്തിലും, സർവീസിൽ നിന്നും വിരമിക്കുകയും, ടി കോളേജുകളിലെ പ്രൊഫസർമാർ 30/04/2024 - ന് സർവീസിൽ നിന്നും വിരമിക്കുകയും ചെയ്ത സാഹചര്യത്തിൽ, ടി ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാകാത്തതിനാലും കോട്ടയം സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ തസ്തികയുടെ പൂർണ അധികച്ചുമതല ടി കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ലിനി ജോസഫിനും തൃശ്ശൂർ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ തസ്തികയുടെ പൂർണ അധികച്ചുമതല ടി കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ശ്രീമതി.ജിജി ജോണിനും നൽകിയതായും ടി നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം, തൃശ്ശൂർ സർക്കാർ നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികകളുടെ പൂർണ അധികച്ചുമതല ബന്ധപ്പെട്ട കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർമാർക്ക് നൽകിയ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തൃശ്ശൂർ/കോട്ടയം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ.(C2/229/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 29-01-2025 14:06:44

സെക്ഷൻ ഓഫീസർ